Talented Bankers Literary Panel
പുസ്തക പരിചയം 146

പുസ്തകം പരിചയപ്പെടുത്തുന്നത്,
നിധി തോമസ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഒല്ലൂക്കര ശാഖ.

The Ancient Promises
Jaishree Misra

ജാനു, ജാനു മാത്രം
പ്രിയ എ എസിൻ്റെ 'ഒഴുക്കിൽ ഒരില' വായിച്ചപ്പോഴാണ് ജയശ്രീ മിശ്രയെക്കുറിച്ചും ദി ആൻഷ്യൻ്റ് പ്രോമിസസിനെക്കുറിച്ചും ആദ്യം കേൾക്കുന്നത്. 'Ancient promises' നെ 'ജന്മാന്തര വാഗ്ദാനങ്ങൾ' എന്ന് വിവർത്തനം ചെയ്തപ്പോ ഉള്ള അസാധ്യ ഭംഗിയാണ് ആദ്യം മനസ്സിൽ കയറിയത്.
ആദ്യം കിട്ടിയത് ആൻഷ്യൻ്റ് പ്രോമിസസ് ആയിരുന്നു. പ്രിയ എ എസിൻ്റെ എഴുത്ത് ഇഷ്ടമായ കൊണ്ട് ഇനി ജന്മാന്തര വാഗ്ദാനങ്ങൾ ഒന്ന് വായിച്ച് നോക്കണം.

ഡൽഹിയിൽ താമസമാക്കിയ ഒരു ഇടത്തരം മലയാളി കുടുംബത്തിലെ ഒറ്റ മകളായ ജാനകി മാരാർ പതിനെട്ടാം വയസ്സിൽ വിവാഹിതയായി കേരളത്തിലെ ഒരു അതിസമ്പന്ന ബിസിനസ് കുടുംബത്തിലേക്ക് പറിച്ച് നടപ്പെടുന്ന കഥയാണ് Ancient Promises.
മുഖ്യ കഥാപാത്രമായ ജാനു തന്നെ നേരിട്ട് കഥ പറയുന്ന ആഖ്യാനശൈലി സ്വീകരിച്ചിരിക്കുന്ന നോവലിൽ ജാനുവിൻ്റെ ജീവിതകാലഘട്ടങ്ങൾ ഇടകലർത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്. കല്യാണത്തിൽ നിന്ന് തുടങ്ങി പിന്നീടങ്ങോട്ട് കൗമാരവും കല്യാണത്തിന് ശേഷമുള്ള ഏതാനും വർഷങ്ങളും ഇടകലർത്തി പറഞ്ഞു പോകുന്നു.

ഭർത്താവിൻ്റെയും ഭർതൃ വീട്ടുകാരുടേയും സ്നേഹം നേടാൻ ശ്രമിക്കുന്ന ജാനു, ഒരു ഘട്ടത്തിൽ താൻ എന്തിന് വേണ്ടി പൊരുതുന്നോ അത് തനിക്ക് അപ്രാപ്യമാണെന്ന് മനസ്സിലാക്കുന്നു. ഒരു കുഞ്ഞ് വന്നാൽ ആ വീട്ടിൽ തൻ്റെ സ്ഥാനം വർദ്ധിക്കുമെന്ന് കരുതി കോപ്പർടി മാറ്റി വെച്ച് ഗർഭം ധരിക്കുന്ന ജാനുവിന് മകളായി റിയയെ കിട്ടുന്നതോടെ മനസ്സിലാവുന്ന വലിയ ഒരു സംഗതിയുണ്ട്, ആ സമ്പന്ന കുടുംബത്തിൽ സ്ഥാനം നേടാൻ താൻ ചെയ്യുന്ന ഒന്നും, ഒന്നും തന്നെ അവരെ ഒരു തരത്തിലും ബാധിക്കുന്നില്ല എന്നത്.

മാനസിക വളർച്ചാ പ്രശ്നമുള്ള റിയയെ വളർത്തുന്നിടത്ത് നിന്ന് ഒരു പുതിയ ജാനുവിനെ പിന്നെ നമ്മൾ കാണുകയാണ്. റിയയെ കണ്ടെത്തി,

ആ കണ്ടെത്തിലിലൂടെ ജാനു ജാനുവിനെ കണ്ടെത്തുകയാണ്.
ഒരർത്ഥത്തിൽ ജാനുവിൻ്റെ ഉള്ളിലെ യഥാർത്ഥ ജാനുവിനെ കണ്ടെത്തുന്നത് റിയയാണെന്ന് പറയാം. റിയയ്ക്ക് വേണ്ടി Special education നിൽ പഠനം ചെയ്യാൻ അമേരിക്കയിൽ പോകാൻ ശ്രമിക്കുന്നു ജാനു. അതിൻ്റെ ഇൻ്റർവ്യൂവിനായി ഡൽഹിയിൽ വരുന്ന ജാനു അവിടെ വച്ച് പഴയ ക്രഷ് അർജ്ജുനെ കാണുന്നു.
സ്വന്തം വിവാഹ ജീവിതത്തിൽ ഇനിയെന്ത് ചെയ്താലും അത് പച്ച പിടിക്കില്ല എന്നറിവുള്ള ജാനു വിവാഹമോചനം നേടി റിയയും അർജ്ജുനുമൊത്ത് ജീവിക്കാൻ ശ്രമിക്കുന്നു.

പീന്നീടങ്ങോട്ട് ജാനുവിൻ്റെ പോരാട്ടമാണ്, റിയ്ക്ക് വേണ്ടി, അർജ്ജുന് വേണ്ടി, ജാനുവിന് വേണ്ടി...
ജാനുവായി വായനക്കാരൻ മാറും വിധമുള്ള എഴുത്താണ് ജയ്ശ്രീ മിശ്ര സ്വീകരിച്ചിരിക്കുന്നത്. പ്രാട്രിയാർക്കി ശ്വാസഗതി പോലെ normalise ചെയ്യപ്പെട്ട ഒരു കാലഘട്ടത്തിലെ നേർക്കാഴ്ച്ചയാണ് The Ancient Promises. A must read.

Publisher : Penquin books.
Price : Rs. 245/-